ഉത്തരം

(എ) രണ്ട് സ്ഥലങ്ങളിലായിട്ടാണ് പ്രവർത്തിക്കുന്നത്.

(ബി) 1986 ജൂൺ 30 വരെ വാടകയായി 10,58,089.29 രൂപ ചെലവായി. അതിനുശേഷമുള്ള വാടക ഇതുവരെ നൽകിയിട്ടില്ല.

(സി) പലിശയില്ലാത്ത അഡ്വാൻസായി 10,73,967 രൂപയും, സെക്യൂരിറ്റി ഡിപ്പോസിറ്റായി 2,68,491.75 രൂപയും കൊടുത്തിരുന്നു.

കെ. എസ്. ആർ. ടി. സി. ഹെഡ് ഓഫീസിനുവേണ്ടി വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടത്തിന്റെ ചെലവ്

818 [1011] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ഹെഡ് ഓഫീസിനുവേണ്ടി തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ വക കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ള വകയിലും ആധുനികവൽക്കരിച്ചതിലും ഫർണിഷ് ചെയ്തവകയിലുമായി 30-9-1986 വരെ ചെലവായ തുക എത്ര ;

(ബി) ഓരോ ഇനത്തിനും ചെലവായ തുക പ്രത്യേകമായി വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി) കെ. എസ്. ആർ. ടി. സി. യുടെ ഹെഡ് ആഫീസിനുവേണ്ടി തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ വക കെട്ടിടം വാടകക്കെടുത്ത വകയിൽ വാടകയായി 10,58,089.29 രൂപ (പത്തുലക്ഷത്തി അൻപത്തി എട്ടായിരത്തി എൺപത്തി ഒൻപത് രൂപ 29 പൈസായുടെ അഡ്വാൻസായി 10,73,967 രൂപയും (പത്തുലക്ഷത്തി എഴുപത്തിമൂവായിരത്തി തൊള്ളായിരത്തി അറുപത്തേഴു രൂപയും) സെക്യൂരിറ്റി ഡിപ്പോസിറ്റായി 2,68,491.75 രൂപയും (രണ്ടുലക്ഷത്തി അറുപത്തി എട്ടായിരത്തി നാനൂറ്റിതൊണ്ണൂറ്റി ഒന്നുരൂപ എഴുപത്തിയഞ്ചു പൈസയും) ആധുനികവൽക്കരിച്ച് ഫർണീഷ് ചെയ്ത വകയിൽ 16,26,131 രൂപയും (പതിനാറുലക്ഷത്തി ഇരുപത്താറായിരത്തി നൂറ്റി മുപ്പത്തൊന്ന് രൂപയും) ചെലവായിട്ടുണ്ട്.

കെ എസ്. ആർ. ടി. സി. ചീഫ് ഓഫീസിനുവേണ്ടി പണിയുന്ന കെട്ടിടം

819 [1012] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ചീഫ് ആഫീസിനുവേണ്ടി പണിയുന്ന ബഹുനില കെട്ടിടത്തിന്റെ അടങ്കൽ തുക എത്ര ;

(ബി) എന്തു തുകയ്ക്കാണ് കരാർ നൽകിയിട്ടുള്ളതെന്ന് വെളിപെടുത്താമോ ;

(സി) ഇത് അടങ്കൽ തുകയിൽ കൂടുതലാണോ; എങ്കിൽ എത്ര ശതമാനം ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം (floor area) എത്ര ;

(ഇ) കരാറുകാരൻ ആരാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 390 ലക്ഷം രൂപ.

(ബി) 4,21,96,844 രൂപ (നാലുകോടി ഇരുപത്തിഒന്നുലക്ഷത്തി തൊണ്ണൂറ്റാറായിരത്തി എണ്ണൂറ്റി നാല്പത്തിനാലുരൂപ)

(സി) ഇത് അടങ്കൽതുകയിൽ നിന്ന് 8 ശതമാനം കൂടുതലാണ്.

(ഡി) 15015 സ്കയർ മീറ്റർ

LIBRARY ARCHIVES Kerala Legislative Assembly

(ഇ) [ശ്രീ. പി. ഐ. വർഗ്ഗീസ് ആണ് കരാറുകാരൻ.

കെ. എസ്. ആർ. ടി. സി. സെൻട്രൽ ആഫീസ്

820 [1013] ശ്രീ. വർക്കല രാധാകൃഷ്ണൻ :

,, കോലിയക്കോട് എൻ. കൃഷ്ണൻനായർ :

,, ടി. കെ. ഹംസ :

,, പി. വി. കുഞ്ഞിക്കണ്ണൻ :

,, ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ സെൻട്രൽ ആഫീസ് കെട്ടിടത്തിന്റെ പണി ഏത് ഘട്ടത്തിലിരിക്കുന്നു ;

(ബി) എന്നത്തേക്ക് പണി പൂർത്തിയാകും ;

(സി) പ്രസ്തുത പണിക്കുവേണ്ടി ഇതുവരെ എന്തു തുക ചെലവഴിച്ചു ?

ഉത്തരം

(എ) ഏഴുനിലയുടെ സ്ട്രക്ച്ചർ വർക്ക് പൂർത്തിയാക്കി.

(ബി) 30-6-1987-ന് പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) 2,10,80,825 (രണ്ടുകോടി പത്തുലക്ഷത്തി എൺപതിനായിരത്തി എണ്ണൂറ്റി ഇരുപത്തിഅഞ്ച്) രൂപ ചെലവായി.

ബോഡി ബിൽഡിംഗിനും ടയർ റീ ട്രേഡിംഗിനും ഉള്ള സൗകര്യം

821. [1014] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾക്കാവശ്യമുള്ള ബോഡി ബിൽഡിംഗിനും ടയർ റീട്രേഡിംഗിനും ഉള്ള സൗകര്യം സംസ്ഥാനത്തുണ്ടോ ;

(ബി) ഇതിൽ ഏതെല്ലാം പണി സംസ്ഥാനത്തിന് പുറത്തു കൊടുക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) അത് സംസ്ഥാനത്തിനു പുറത്ത് കൊടുക്കാനുള്ള കാരണം എന്ത് ;

(ഡി) സംസ്ഥാനത്തിനകത്തുള്ള സൗകര്യം വർദ്ധിപ്പിച്ച് മുഴുവൻ പണിയും ഇവിടെ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. എങ്കിലും മുഴുവൻ ആവശ്യവും നിറവേറ്റുവാൻ സാധിക്കുന്നില്ല.

(ബി) ബസ് ബോഡി നിർമ്മിക്കുന്ന പണി സംസ്ഥാനത്തിന് പുറത്തുള്ള കമ്പനികൾക്ക് കൊടുക്കുന്നുണ്ട്.

(സി) കെ. എസ്. ആർ. ടി. സി. യുടെ ബോഡി ബിൽഡിംഗ് യൂണിറ്റിന്റെ ഉല്പാദനശേഷി കോർപ്പറേഷന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കുതികയാതെ വരുന്ന സാഹചര്യത്തിലാണ് ഈ ജോലി സംസ്ഥാനത്തിനു പുറത്തുകൊടുക്കുവാൻ നിർബന്ധിതമായത്.

(ഡി) കെ. എസ്. ആർ. ടി. സി. യിലെ വർക്ക്ഷോപ്പുകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് ഈ പണികളെല്ലാം സംസ്ഥാനത്തിനകത്തുതന്നെ നടത്തണമെന്ന് ഉദ്ദേശിക്കാം. കൂടാതെ [ടിവാൻഡ്രം റബ്ബർ വർക്സിൽ ബസ് ബോഡി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ടയർ റീട്രേഡിംഗും താമസിയാതെ അവിടെ ആരംഭിക്കണമെന്ന് ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly